LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഹിന്ദി പഠിപ്പിക്കേണ്ടത് ഹിന്ദി മാധ്യമത്തിലാണ്. ഹിന്ദി പാഠങ്ങളിലെ കഠിനപദങ്ങളുടെ അർത്ഥം തമിഴ്, കന്നട മാധ്യമക്കാരായ കുട്ടികൾക്കുകൂടി മനസ്സിലാകുന്നതിനുവേണ്ടിയാണ് അവ ഇംഗ്ളീഷിൽ കൊടുത്തത്. മുൻവർഷങ്ങളിൽ മലയാളത്തിലാണ് അർത്ഥം നൽകിയിരുന്നത്. കന്നടയിൽ കൂടി അർത്ഥം നൽകണമെന്ന് കന്നട മൈനോറിറ്റി വിഭാഗത്തിൽ നിന്നും തമിഴിൽ നൽകണമെന്ന് തമിഴ് മൈനോറിറ്റി വിഭാഗത്തിൽ നിന്നും ആവശ്യം ഉയർന്നിരുന്നു. ഈ രീതിയിൽ ഒരു വാക്കിനുതന്നെ മലയാളത്തിലും തമിഴിലും കന്നടയിലും അർത്ഥം കൊടുക്കുമ്പോഴുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഇംഗ്ളീഷിൽ മാത്രം അർത്ഥം നൽകിയത്. മലയാളത്തിൽ അർത്ഥം നൽകാതിരുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിരുന്നു. അതു പ്രകാരം വാക്കുകളുടെ അർത്ഥം മലയാളത്തിലും തമിഴിലും കന്നടയിലും കൂടി തയ്യാറാക്കി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പാഠപുസ്തകം ഇതിനകം അച്ചടിച്ചുകഴിഞ്ഞതിനാൽ ഡി.ഇ.ഒ.മാർ വഴി ഈ രേഖ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത വർഷം പുസ്തകം അച്ചടിക്കുമ്പോൾ പ്രസ്തുത രേഖകൂടി ഉൾപ്പെടുത്തുന്നതാണ്.

(സി) ഹിന്ദി പാഠപുസ്തക സമിതിയുടെ തീരുമാനപ്രകാരമാണ് ഇംഗ്ളീഷിൽ അർത്ഥം നൽകിയത്. പരാതി ലഭിച്ച വിവരം സമിതിയെ അറിയിക്കുകയും ഭാവിയിൽ ഇതു പരിഗണിച്ച് രചന നിർവ്വഹിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പാഠപുസ്തക വിതരണത്തിലെ കാലതാമസം

26 (5158) ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യായന വർഷം സ്കൂൾ തുറന്ന് ആഴ്ചകൾ കഴിഞ്ഞിട്ടും പല സ്കൂളുകളിലും പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അടുത്ത അദ്ധ്യായന വർഷമെങ്കിലും പാഠപുസ്തകങ്ങൾ യഥാ സമയം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂളുകളിൽ നിന്ന് ഇൻഡന്റ് നൽകിയതിൽ പിഴവുകൾ വന്നതു മൂലം ചില സ്കൂളുകളിൽ പാഠപുസ്തകങ്ങൾ ലഭിക്കുന്നതിൽ കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കാനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.